## മധുരമായ കുട്ടികളേ - നിങ്ങള്‍ മുഴുവന്‍ ലോകത്തിന്റേയും സത്യം സത്യമായ മിത്രങ്ങളാണ്, നിങ്ങള്‍ക്ക് ആരോടും ശത്രുതയുണ്ടാവരുത്.

**ചോദ്യം:-** നിങ്ങള്‍ ആത്മീയ മിലിറ്ററിയാണ്, നിങ്ങള്‍ക്ക് പ്രാവര്‍ത്തികമാക്കേണ്ട ഏതൊരു നിര്‍ദ്ദേശമാണ് ബാബയില്‍ നിന്നും ലഭിച്ചിരിക്കുന്നത്?
**ഉത്തരം:-** നിങ്ങള്‍ക്കുള്ള നിര്‍ദ്ദേശമാണ് സദാ ബാഡ്ജ് ധരിക്കൂ. ഇത് എന്താണ്? നിങ്ങള്‍ ആരാണ്? എന്ന് ആര് ചോദിച്ചാലും പറയൂ ഞങ്ങള്‍ മുഴുവന്‍ ലോകത്തില്‍ നിന്നും കാമത്തിന്റെ അഗ്നിയെ ശമിപ്പിക്കാനായി വന്ന അഗ്നിശമന സേനയാണ്. ഈ സമയത്ത് മുഴുവന്‍ ലോകത്തേയും കാമാഗ്നി ബാധിച്ചിരിക്കുകയാണ്, ഞങ്ങള്‍ എല്ലാവര്‍ക്കും സന്ദേശം നല്‍കുന്നു ഇപ്പോള്‍ പവിത്രമായി മാറൂ, ദൈവീക ഗുണങ്ങള്‍ ധാരണ ചെയ്യൂ എങ്കില്‍ തോണി അക്കരെയെത്തും.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികള്‍ സഹജമായ ഓര്‍മ്മയില്‍ ഇരിക്കുകയാണ്. ചിലര്‍ക്ക് ബുദ്ധിമുട്ടായി തോന്നുന്നു. വളരെ ആശയക്കുഴപ്പത്തിലാകുന്നു - എനിക്ക് ടൈറ്റായി അഥവാ കണിശമായി ഇരിക്കണം എന്ന് കരുതുന്നു. ബാബ പറയുന്നു അങ്ങനെയുള്ള ഒരു കാര്യവുമില്ല, എങ്ങനെ വേണമെങ്കിലും ഇരുന്നോളൂ. ബാബയെ ഓര്‍മ്മിക്കണം എന്നു മാത്രം. ഇതില്‍ ബുദ്ധിമുട്ടിന്റെ ഒരു കാര്യവുമില്ല. ആ ഹഠയോഗികള്‍ വളരെ ടൈറ്റായി ഇരിക്കുന്നു. കാല് കാലിന്റെ മുകളില്‍ കയറ്റി വെയ്ക്കുന്നു. ഇവിടെയാണെങ്കില്‍ ബാബ പറയുന്നു സുഖമായിരിക്കൂ. ബാബയേയും 84 ജന്മങ്ങളേയും ഓര്‍മ്മിക്കൂ. ഇതാണ് സഹജമായ ഓര്‍മ്മ. എഴുന്നേല്‍ക്കുമ്പോഴും ഇരിക്കുമ്പോഴും ബുദ്ധിയില്‍ ഉണ്ടായിരിക്കണം. നോക്കൂ ഇവിടെ ഈ ചെറിയ കുട്ടി അച്ഛന്റെ വലതുഭാഗത്ത് ഇരിക്കുന്നു, ഈ കുട്ടിയുടെ ബുദ്ധിയില്‍ മാതാ-പിതാവിനേയേ ഓര്‍മ്മയുണ്ടാകൂ. നിങ്ങളും കുട്ടികളല്ലേ. ബാബയെ ഓര്‍മ്മിക്കുന്നത് വളരെ സഹജമാണ്. നമ്മള്‍ ബാബയുടെ കുട്ടികളാണ്. ബാബയില്‍ നിന്നുതന്നെയാണ് സമ്പത്ത് എടുക്കേണ്ടത്. ശരീരനിര്‍വ്വഹണാര്‍ത്ഥം വീട്ടില്‍ ഇരിക്കുകതന്നെ വേണം. മറ്റുള്ളവരുടെ ഓര്‍മ്മയെ ബുദ്ധിയില്‍ നിന്നും മാറ്റുക മാത്രം ചെയ്യൂ. ചിലര്‍ ഹനുമാനെ, ചിലര്‍ മറ്റാരെയെങ്കിലും പിന്നെ ചിലര്‍ സാധു സന്യാസിമാരെയും ഓര്‍മ്മിക്കുന്നു, ആ ഓര്‍മ്മയെ ഉപേക്ഷിക്കണം. ഓര്‍മ്മിക്കുന്നുണ്ടല്ലോ, പുജ ചെയ്യുന്നതിനായി പൂജാരിയ്ക്ക് ക്ഷേത്രത്തില്‍ പോവുക തന്നെ വേണം, ഇവിടെയാണെങ്കില്‍ എവിടേയ്ക്കും പോകേണ്ട ആവശ്യമില്ല. ആരെക്കണ്ടാലും പറയൂ ശിവബാബ പറയുന്നു പിതാവായ എന്നെ മാത്രം ഓര്‍മ്മിക്കൂ. ശിവബാബ നിരാകാരനാണ്. തീര്‍ച്ചയായും അവര്‍ ആകാരത്തില്‍ വന്നാണ് എന്നെ ഓര്‍മ്മിക്കൂ എന്ന് പറയുന്നത്. ഞാന്‍ പതിത പാവനനാണ്. ഇത് ശരിയായ വാക്കല്ലേ. ബാബ പറയുന്നു എന്നെ ഓര്‍മ്മിക്കൂ. നിങ്ങള്‍ എല്ലാവരും പതിതമാണ്. ഇത് തമോപ്രധാനമായ പതിത ലോകമല്ലേ അതിനാലാണ് ബാബ പറയുന്നത് ഒരു ദേഹധാരിയേയും ഓര്‍മ്മിക്കരുത്. ഇത് നല്ലകാര്യമല്ലേ. ഒരു ഗുരുവിന്റേയും മഹിമ ചെയ്യുന്നില്ല. ബാബ ഇത്രയേ പറയുന്നുള്ളു എന്നെ ഓര്‍മ്മിക്കു എങ്കില്‍ നിങ്ങളുടെ പാപം ഇല്ലാതാകും. ഇതാണ് യോഗബലം അഥവാ യോഗാഗ്നി. പരിധിയില്ലാത്ത ബാബ സത്യമല്ലേ പറയുന്നത്- ഗീതയുടെ ഭഗവാന്‍ നിരാകാരനല്ലേ. കൃഷ്ണന്റെ കാര്യമില്ല. ഭഗവാന്‍ പറയുന്നു എന്നെ മാത്രം ഓര്‍മ്മിക്കൂ മറ്റൊരു ഉപായവുമില്ല. പാവനമായി പോയാല്‍ ഉയര്‍ന്ന പദവി നേടാം. ഇല്ലെങ്കില്‍ പദവി കുറഞ്ഞുപോകും. ഞങ്ങള്‍ നിങ്ങള്‍ക്ക് ബാബയുടെ സന്ദേശം നല്‍കുന്നു. ഞാന്‍ സന്ദേശിയാണ്. ഇത് മനസ്സിലാക്കിക്കൊടുക്കുന്നതില്‍ ഒരു ബുദ്ധിമുട്ടുമില്ല. മാതാക്കള്‍ക്കും അഹല്യകള്‍ക്കും ബലഹീനരായ സ്ത്രീകള്‍ക്കും ഉയര്‍ന്ന പദവി നേടാന്‍ സാധിക്കും. ഇവിടെ ഇരിക്കുന്നവരായാലും ഗൃഹസ്ഥത്തില്‍ ഇരിക്കുന്നവരായാവും ശരി അവര്‍ക്ക് ഉയര്‍ന്ന പദവി നേടാന്‍ കഴിയും, ഇവിടെ ഇരിക്കുന്നവര്‍ക്ക് കൂടുതല്‍ ഓര്‍മ്മിക്കാന്‍ കഴിയും എന്നില്ല. ബാബ പറയുന്നു പുറത്ത് ഇരിക്കുന്നവരാണെങ്കിലും കൂടുതല്‍ ഓര്‍മ്മിക്കാന്‍ സാധിക്കും. വളരെ അധികം സേവനം ചെയ്യാന്‍ സാധിക്കും. ഇവിടെ വന്ന് ബാബയില്‍ നിന്നും റിഫ്രഷ് ആയിപ്പോകുമ്പോള്‍ ഉള്ളില്‍ എത്ര സന്തോഷം ഉണ്ടാകണം. ഈ മോശമായ ലോകത്തില്‍ ബാക്കി കുറച്ച് ദിവസങ്ങളേയുള്ളു. പിന്നീട് കൃഷ്ണ പുരിയിലേയ്ക്ക് പോകും. കൃഷ്ണന്റെ ക്ഷേത്രത്തേയും സുഖധാമം എന്ന് പറയാറുണ്ട്. അതിനാല്‍ കുട്ടികള്‍ക്ക് അപാരമായ സന്തോഷം ഉണ്ടാകണം. നിങ്ങള്‍ ഇപ്പോള്‍ പരിധിയില്ലാത്ത ബാബയുടേതായിരിക്കുന്നു. നിങ്ങളെത്തന്നെയാണ് സ്വര്‍ഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റിയത്. നിങ്ങളും പറഞ്ഞിരുന്നു ബാബാ 5000 വര്‍ഷങ്ങള്‍ക്കു മുമ്പും ഞങ്ങള്‍ അങ്ങയെ കണ്ടുമുട്ടിയിരുന്നു ഇനി വീണ്ടും കാണും. ഇപ്പോള്‍ ബാബയെ ഓര്‍മ്മിച്ച് മായയുടെമേല്‍ വിജയം നേടണം. ഇപ്പോള്‍ ഈ ദുഃഖധാമത്തില്‍ വസിക്കേണ്ടതില്ല. നിങ്ങള്‍ പഠിക്കുന്നതു തന്നെ സുഖധാമത്തിലേയ്ക്ക് പോകുന്നതിനായാണ്. എല്ലാവര്‍ക്കും കര്‍മ്മക്കണക്കുകള്‍ ഇല്ലാതാക്കി തിരിച്ചുപോകണം. ഞാന്‍ വന്നിരിക്കുന്നതുതന്നെ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യാനാണ്. ബാക്കി മുഴു

വൻ ആത്മാക്കളും മുക്തിധാമത്തിലേയ്ക്ക് പോകും. ബാബ പറയുന്നു– ഞാൻ കാലന്റേയും കാലനാണ്. എല്ലാവരേയും ശരീരത്തിൽ നിന്നും വേർപെടുത്തി ആത്മാക്കളെ കൊണ്ടുപോകുന്നു. എനിക്ക് വേഗം പോകണം എന്ന് എല്ലാവരും പറയുന്നുണ്ട്. ഇവിടെ വസിക്കേണ്ടതില്ല. ഇത് പഴയ ലോകവും പഴയ ശരീരവുമാണ്. ഇപ്പോൾ ബാബ പറയുന്നു ഞാൻ എല്ലാവരേയും കൊണ്ടുപോകും. ആരെയും ഒഴിവാക്കില്ല. നിങ്ങൾ എല്ലാവരും വിളിച്ചിട്ടുണ്ട്– അല്ലയോ പതിത പാവനാ വരൂ. ഓർമ്മിച്ചുകൊണ്ടിരിക്കുന്നുണ്ട് പക്ഷേ അർത്ഥം ഒന്നും അറിയുന്നില്ല. പതിത പാവനൻ എന്ന് എത്ര ഉത്സാഹത്തോടെ പറയുന്നു. പിന്നീട് രഘുപതി രാഘവ രാജാറാം എന്നും പറയുന്നു. ഇപ്പോൾ ശിവബാബ രാജാവാവുകയോ രാജ്യം ഭരിക്കുകയോ ചെയ്യുന്നില്ല. ബാബയെ രാജാറാം എന്ന് പറയുന്നത് തെറ്റാണ്. മാല കറക്കുമ്പോൾ രാമാ രാമാ എന്ന് പറയുന്നു. അതിൽ ഭഗവാന്റെ ഓർമ്മ വരുന്നു. ഭഗവാൻ ശിവൻ തന്നെയാണ്. മനുഷ്യർക്ക് ഒരുപാട് പേര് വെയ്ക്കുന്നുണ്ട്. കൃഷ്ണനനും ശ്യാമസുന്ദരൻ, വൈകുണ്ഠ നാഥൻ, വെണ്ണക്കള്ളൻ എന്നെല്ലാം ഒരുപാട് പേരുകൾ വെയ്ക്കുന്നുണ്ട്. നിങ്ങൾ ഇപ്പോൾ കൃഷ്ണനെ വെണ്ണക്കള്ളൻ എന്ന് പറയുമോ? തീർച്ചയായും ഇല്ല. നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് ഭഗവാൻ ഒരേയൊരു നിരാകാരനാണ്, ഒരു ദേഹധാരിയേയും ഭഗവാൻ എന്ന് വിളിക്കാൻ കഴിയില്ല. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരെപ്പോലും വിളിക്കാൻ സാധിക്കില്ല പിന്നെ എങ്ങനെ മനുഷ്യന് ഞാൻ ദൈവമാണ് എന്ന് പറയാൻ സാധിക്കും. വൈജയന്തി മാലയെന്ന് 108 നെക്കുറിച്ചാണ് പാടിയിരിക്കുന്നത്. ശിവബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തു, അതിന്റെ അധികാരി ഇവരാണ്. തീർച്ചയായും അതിനുമുമ്പ് അവർ ഈ പുരുഷാർത്ഥം ചെയ്തിട്ടുണ്ടാകും. ഇതിനെയാണ് കലിയുഗ അന്ത്യത്തിന്റേയും സത്യയുഗ ആരംഭത്തിന്റേയും സംഗമം എന്ന് പറയുന്നത്. ഇതാണ് കല്പത്തിലെ സംഗമയുഗം. മനുഷ്യർ പിന്നീട് യുഗേ യുഗേ എന്ന് പറഞ്ഞു, അവതാരങ്ങളുടെ പേരിനേയും മറന്ന് കല്ലിലും മുള്ളിലും ഓരോ കണ കണങ്ങളിലും ഉണ്ടെന്ന് പറഞ്ഞു. ഇതും ഡ്രാമയാണ്. എന്താണോ കഴിഞ്ഞുപോയത് അതിനെയാണ് ഡ്രാമ എന്ന് പറയുന്നത്. ആരോടെങ്കിലും വഴക്കിട്ടു, അത് കഴിഞ്ഞു പിന്നീട് അതിനെക്കുറിച്ച് ചിന്തിക്കരുത്. ശരി, ആരെങ്കിലും കൂടുതൽ എന്തെങ്കിലും പറഞ്ഞുവെങ്കിലും അത് മറന്നേയ്ക്കൂ. കല്പം മുമ്പും ഇങ്ങനെ പറഞ്ഞിരുന്നു. ഓർമ്മിച്ചുകൊണ്ടിരുന്നാൽ കൂടുതൽ വഷളാകും. ആ കാര്യം പിന്നീട് ഒരിയ്ക്കലും പറയരുത്. നിങ്ങൾ കുട്ടികൾക്ക് സേവനം ചെയ്യുകതന്നെ വേണമല്ലോ. സേവനത്തിൽ ഒരു വിഘ്നവും ഉണ്ടാകരുത്. സേവനത്തിൽ ബലഹീനത കാണിക്കരുത്. ശിവബാബയുടെ സേവനമല്ലേ. അതിൽ ഒരിയ്ക്കലും അല്പം പോലും ഇല്ല എന്ന് പറയരുത്. ഇല്ലെങ്കിൽ തന്റെ പദവി ഭ്രഷ്ടമാക്കും. ബാബയുടെ സഹായിയായി മാറിയെങ്കിൽ പൂർണ്ണമായും സഹായിക്കണം. ബാബയുടെ സേവനം ചെയ്യുന്നതിൽ ഒരിയ്ക്കലും വഞ്ചിക്കരുത്. സന്ദേശം എല്ലാവരിലും എത്തിക്കുക തന്നെ വേണം. ബാബ പറയുന്നു മ്യൂസിയത്തിന്റെ പേര് ഇങ്ങനെയുള്ളത് വെയ്ക്കണം അത് കണ്ട് ആളുകൾ ഉള്ളിലേയ്ക്ക് വരുകയും കാര്യങ്ങൾ മനസ്സിലാക്കുകയും വേണം എന്തുകൊണ്ടെന്നാൽ ഇത് പുതിയ കാര്യമല്ലേ. മനുഷ്യർ പുതിയ കാര്യങ്ങൾ കാണുമ്പോൾ ഉള്ളിലേയ്ക്ക് വരുന്നു. ഇന്നുകാലത്ത് വിദേശങ്ങളിൽ നിന്നുപോലും ഭാരതത്തിന്റെ പ്രാചീന യോഗം പഠിക്കാനായി ആളുകൾ വരുന്നു. ഇപ്പോൾ പ്രാചീനം എന്നു പറഞ്ഞാൽ പഴയതിലും പഴയത്, അത് ഭഗവാൻ പഠിപ്പിച്ചതാണ്, അത് കഴിഞ്ഞിട്ട് 5000 വർഷമായി. സത്യ ത്രേതായുഗങ്ങളിൽ യോഗം ഉണ്ടാകില്ല, ആരാണോ പഠിപ്പിച്ചത് അവർ പോയി വീണ്ടും 5000 വർഷങ്ങൾക്ക് ശേഷം എപ്പോൾ തിരികെവരുന്നുവോ അപ്പോഴേ രാജയോഗം പഠിപ്പിക്കൂ, അതിലൂടെ പാവനമാകാൻ സാധിക്കും. ഈ സമയത്ത് തത്വങ്ങളും തമോപ്രധാനമാണ്. വെള്ളം പോലും എത്ര നഷ്ടമുണ്ടാക്കി വെയ്ക്കുന്നു. പഴയ ലോകത്തിൽ ഉപദ്രവം ഉണ്ടായിക്കൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ ഉപദ്രവത്തിന്റെ കാര്യമില്ല. അവിടെ പ്രകൃതി ദാസിയായി മാറുന്നു. ഇവിടെയാണെങ്കിൽ പ്രകൃതി ശത്രുവായിമാറി ദുഃഖം നൽകിക്കൊണ്ടിരിക്കുന്നു. ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യത്തിൽ ദുഃഖത്തിന്റെ കാര്യമേയില്ല. സത്യയുഗമായിരുന്നു. ഇപ്പോൾ വീണ്ടും അത് സ്ഥാപിതമാവുകയാണ്. ബാബ പ്രാചീന രാജയോഗം പഠിപ്പിക്കുകയാണ്. വീണ്ടും 5000 വർഷങ്ങൾക്ക് ശേഷം പഠിപ്പിക്കും, ആർക്കാണോ പാർട്ടുള്ളത് അവരേ അഭിനയിക്കൂ. പരിധിയില്ലാത്ത അച്ഛനും പാർട്ട് അഭിനയിക്കുകയാണ്. ബാബ പറയുന്നു ഞാൻ ഇദ്ദേഹത്തിൽ പ്രവേശിച്ച് സ്ഥാപന ചെയ്ത് തിരിച്ചുപോകും. അയ്യോ അയ്യോ എന്ന നിലവിളിയ്ക്കുശേഷം ആഹാ ആഹാ എന്ന ജയാരവം മുഴങ്ങും. പഴയ ലോകം വിനാശമാകും. ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യമുണ്ടായിരുന്നപ്പോൾ പഴയലോകം ഉണ്ടായിരുന്നില്ല. 5000 വർഷത്തിന്റെ കാര്യമാണ്. ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യമാവുക സാധ്യമല്ല. അതിനാൽ ബാബ പറയുന്നു ഇപ്പോൾ ബാക്കി എല്ലാകാര്യങ്ങളും ഉപേക്ഷിച്ച് സേവനത്തിൽ മുഴുകൂ തന്റെ മംഗളം ചെയ്യൂ. പിണങ്ങി സേവനത്തിൽ വഞ്ചിതരാകരുത്. ഇത് ഈശ്വരീയ സേവനമാണ്. മായയുടെ കൊടുങ്കാറ്റ് ഒരുപാട് വരും. പക്ഷേ ബാബയുടെ ഈശ്വരീയ സേവനത്തിൽ നിന്ന് വഞ്ചിതരാകരുത്. ബാബ സേവാർത്ഥം നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. മിത്ര സംബന്ധികൾ ആരെല്ലാം വന്നാലും, എല്ലാവരുടേയും സത്യമായ മിത്രം നിങ്ങളാണ്. നിങ്ങൾ ബ്രഹ്മാകുമാരീ കുമാരന്മാർ മുഴുവൻ ലോകരുടേയും മിത്രമാണ് എന്തെന്നാൽ നിങ്ങൾ ബാബയുടെ സഹായികളാണ്. മിത്രങ്ങ

ളിൽ ഒരു ശത്രുതയും ഉണ്ടാകരുത്. എന്ത് കാര്യം വന്നാലും ശിവബാബയെ ഓർമ്മിക്കൂ എന്ന് പറയണം. ബാബയുടെ ശ്രീമതം അനുസരിച്ച് നടക്കണം. ഇല്ലെങ്കിൽ തന്റെ നഷ്ടം ഉണ്ടാകും. ട്രെയ്നിൽ നിങ്ങൾ വരുന്നു അവിടെ നിങ്ങൾക്ക് എല്ലാം ഫ്രീയായിരിക്കും. സേവനത്തിന് വളരെ അധികം ചാൻസുണ്ട്. ബാഡ്ജ് വളരെ നല്ല വസ്തുവാണ്. ഓരോരുത്തരും അണിഞ്ഞിരിക്കണം. ആരെങ്കിലും നിങ്ങൾ ആരാണ് എന്ന് ചോദിക്കുകയാണെങ്കിൽ പറയൂ ഞങ്ങൾ അഗ്നിശമന സേനയാണ്, എങ്ങനെയാണോ തീയണയ്ക്കാൻ ആ അഗ്നിശമനസേനയുള്ളത് അതുപോലെ ഈ സമയത്ത് മുഴുവൻ ലോകത്തിലും കാമത്തിന്റെ അഗ്നി പിടിപെട്ടിരിക്കുകയാണ്. ഇപ്പോൾ ബാബ പറയുന്നു മഹാശത്രുവായ കാമത്തിനുമേൽ വിജയം നേടൂ. ബാബയെ ഓർമ്മിക്കൂ, പവിത്രമായി മാറൂ, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ എങ്കിൽ തോണി അക്കരെയെത്തും. ഈ ബാഡ്ജ് ശ്രീമതം അനുസരിച്ച് നിർമ്മിച്ചിട്ടുള്ളതാണ്. ബാഡ്ജ് ഉപയോഗിച്ച് സേവനം ചെയ്യുന്നത് വളരെ കുറച്ച് കുട്ടികളാണ്. ബാബ മുരളികളിൽ എത്ര മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. ഓരോ ബ്രാഹ്മണന്റെ പക്കലും ഈ ബാഡ്ജ് ഉണ്ടായിരിക്കണം, ആരെക്കണ്ടാലും അവർക്ക് ഇത് ഉപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കണം, ഇതാണ് ബാബ, ഇവരെ ഓർമ്മിക്കണം. ഞങ്ങൾ സാകാരത്തിലുള്ളവരുടെ മഹിമയല്ല ചെയ്യുന്നത്. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേയൊരു നിരാകാരനായ അച്ഛനാണ്, അവരെ ഓർമ്മിക്കണം. ഓർമ്മയുടെ ബലത്തിലൂടെയേ നിങ്ങളുടെ വികർമ്മം വിനാശമാകൂ. പിന്നീട് അന്തിമ മനം പോലെ ഗതിയുണ്ടാകും. ദുഃഖധാമത്തിൽ നിന്നും രക്ഷപ്പെടും. പിന്നീട് നിങ്ങൾ വിഷ്ണുപുരിയിലേയ്ക്ക് വരും. എത്ര വലിയ സന്തോഷ വാർത്തയാണ്. പുസ്തകങ്ങളും നൽകാൻ കഴിയും. പറയൂ, നിങ്ങൾ പാവപ്പെട്ടവരാണെങ്കിൽ ഫ്രീയായി തരാം. ധനവാന്മാരാണെങ്കിൽ പണം നൽകേണ്ടതായി വരുന്നു എന്തുകൊണ്ടെന്നാൽ ഇതിൽ ഒരുപാട് അച്ചടിക്കേണ്ടതുണ്ട്. ഇത് ഇങ്ങനെയുള്ള വസ്തുവാണ് ഇതിലൂടെ നിങ്ങൾ യാചകനിൽ നിന്നും വിശ്വത്തിന്റെ അധികാരിയായി മാറും. അറിവ് ലഭിച്ചുകൊണ്ടിരിക്കുന്നു. ഏത് ധർമ്മത്തിലുള്ളവരാണെങ്കിലും പറയൂ, വാസ്തവത്തിൽ നിങ്ങൾ ആത്മാക്കളാണ്, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഇപ്പോൾ വിനാശം മുന്നിലുണ്ട്, ഈ ലോകം മാറാനുള്ളതാണ്. ശിവബാബയെ ഓർമ്മിച്ചാൽ വിഷ്ണുപുരിയിലേയ്ക്ക് വരും. പറയൂ, ഇത് നിങ്ങൾക്ക് കോടികളുടെ, നൂറുകോടിയുടെ ഫലം നൽകും. ബാഡ്ജ് ഉപയോഗിച്ച് സേവനം ചെയ്യണം എന്ന് ബാബ എത്ര മനസ്സിലാക്കിത്തന്നിട്ടുണ്ട് എന്നിട്ടും ബാഡ്ജ് അണിയുന്നില്ല. ലജ്ജ തോന്നുന്നു. ബ്രാഹ്മിണിമാർ പാർട്ടിയുമായി വരുന്നു അഥവാ ഓഫീസിലേയ്ക്ക് ഒറ്റയ്ക്ക് പോകുന്നവർ തീർച്ചയായും ഈ ബാഡ്ജ് ധരിക്കണം, നിങ്ങൾ ഇത് ഉപയോഗിച്ച് ആർക്ക് മനസ്സിലാക്കിക്കൊടുത്താലും അവർ വളരെ സന്തോഷിക്കും. പറയൂ ഞങ്ങൾ ഒരേയൊരു ബാബയെ മാത്രമാണ് അനുസരിക്കുന്നത്, അവർ തന്നെയാണ് എല്ലാവർക്കും സുഖ-ശാന്തി നൽകുന്നത്, അതിനാൽ അവരെ ഓർമ്മിക്കൂ. പതിത ആത്മാവിന് പോകാൻ സാധിക്കില്ല. ഇപ്പോൾ ഈ പഴയ ലോകം മാറുകയാണ്. ഇങ്ങനെ ഇങ്ങനെ വഴികളിൽ സേവനം ചെയ്തുകൊണ്ട് വരണം. നിങ്ങൾക്ക് വളരെ അധികം പേരുണ്ടാകും, ബാബ കരുതും ചിലപ്പോൾ ലജ്ജ തോന്നുന്നുണ്ടാകും അതിനാലാണ് ബാഡ്ജ് ധരിച്ച് സേവനം ചെയ്യാത്തത്. ഒന്ന് ബാഡ്ജ്, പിന്നെ ഏണിപ്പടിയുടെ ചിത്രം അഥവാ ത്രിമൂർത്തി, ചക്രം അഥവാ വൃക്ഷത്തിന്റെ ചിത്രം കൂടെയുണ്ടാവണം, ഇരുന്ന് പരസ്പരം മനസ്സിലാക്കിക്കൊടുത്താൽ എല്ലാവരും കൂടിച്ചേരും. ചോദിക്കും ഇത് എന്താണ്? പറയൂ ശിവബാബ ഇദ്ദേഹത്തിലൂടെ ഈ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, പവിത്രമായി മാറൂ. അപവിത്രമായവർക്ക് തിരിച്ചുപോകാൻ സാധിക്കില്ല. ഇങ്ങനെയുള്ള മധുര മധുരമായ കാര്യങ്ങൾ കേൾപ്പിക്കണം. എങ്കിൽ സന്തോഷത്തോടെ എല്ലാവരും കേൾക്കും. പക്ഷേ ആരുടേയും ബുദ്ധിയിൽ ഇരിക്കുന്നില്ല. സെന്ററിൽ ക്ലാസിനുപോകുമ്പോഴും ബാഡ്ജ് ധരിക്കണം. മിലിറ്ററിക്കാരുടെ ബാഡ്ജ് എപ്പോഴും അണിഞ്ഞിട്ടുണ്ടാകും. അവർക്ക് എപ്പോഴെങ്കിലും ലജ്ജ തോന്നുന്നുണ്ടോ? നിങ്ങളും ആത്മീയ സൈന്യമല്ലേ. ബാബ നിർദേശം നൽകുന്നു എന്നിട്ടും എന്തുകൊണ്ടാണ് പ്രാവർത്തികമാക്കാത്തത്. ബാഡ്ജ് ധരിക്കുമ്പോൾ ശിവബാബയുടെ ഓർമ്മയും ഉണ്ടാകും- നമ്മൾ ശിവബാബയുടെ കുട്ടികളാണ്. ദിനംപ്രതിദിനം സെന്ററുകൾ തുറന്നുകൊണ്ടിരിക്കും. ആരെങ്കിലുമൊക്കെ വന്നുകൊണ്ടിരിക്കും. പറയും ഇന്ന സ്ഥലത്ത് നിങ്ങളുടെ ശാഖയില്ല. പറയൂ, കെട്ടിടത്തിന്റെ സൗകര്യം ചെയ്ത് ഞങ്ങളെ വിളിക്കുകയാണെങ്കിൽ ഞങ്ങൾ വന്ന് സേവനം ചെയ്യുന്നതാണ്. ധൈര്യം വെയ്ക്കൂ കുട്ടികളെ സഹായിക്കാൻ ബാബയുണ്ട്, ബാബ കുട്ടികളോട് തന്നെയല്ലേ പറയുക സെന്റർ തുറക്കൂ, സേവനം ചെയ്യൂ എന്ന്. ഇതെല്ലാം ശിവബാബയുടെ കടകളല്ലേ. കുട്ടികളിലൂടെ നടത്തിക്കുകയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ഒരിയ്ക്കലും പരസ്പരം പിണങ്ങി സേവന കാര്യത്തിൽ വഞ്ചിക്കരുത്. വിഘ്നരൂപമായി മാറരുത്. തന്റെ ബലഹീനത പ്രകടിപ്പിക്കരുത്. ബാബയുടെ പരിപൂർണ്ണ സഹായിയായി മാറണം.

2) ആരുമായെങ്കിലും വഴക്കുണ്ടായാൽ അത് കഴിഞ്ഞുപോയി പിന്നീട് അതിനെക്കുറിച്ച് ചിന്തിക്കരുത്. ആരെങ്കിലും എന്തെങ്കിലും കൂടുതൽ പറഞ്ഞാൽ, നിങ്ങൾ അത് മറക്കൂ. കല്പം മുമ്പും ഇങ്ങനെ പറഞ്ഞിരുന്നു. ആ കാര്യം പിന്നീട് ഒരിയ്ക്കലും പറയുക പോലും ചെയ്യരുത്.

## വരദാനം:- ശാന്തിയുടെ ദൂതരായി മാറി സർവ്വർക്കും ശാന്തിയുടെ സന്ദേശം കൊടുക്കുന്ന മാസ്റ്റർ ശാന്തി, ശക്തി ദാതാവായി ഭവിക്കട്ടെ.

താങ്കൾ കുട്ടികൾ ശാന്തിയുടെ മെസ്സെഞ്ചർ ശാന്തിദൂതന്മാരാണ്. എവിടെ വസിച്ചാലും സദാ സ്വയത്തെ ശാന്തിയുടെ ദൂതരെന്ന് മനസ്സിലാക്കൂ. ശാന്തിയുടെ ദൂതരാണ്, ശാന്തിയുടെ സന്ദേശവാഹകരാണ്, ഇതിലൂടെ സ്വയവും ശാന്തസ്വരൂപ ശക്തിശാലിയായിരിക്കും ഒപ്പം മറ്റുള്ളവർക്കും ശാന്തി കൊടുത്തുകൊണ്ടിരിക്കും. അവർ അശാന്തി തരും, താങ്കൾ ശാന്തി കൊടുക്കൂ. അവർ തീ കൊളുത്തും, താങ്കൾ വെള്ളമൊഴിക്കൂ. ഇത് തന്നെയാണ് താങ്കൾ ശാന്തിയുടെ സന്ദേശവാഹകർ, മാസ്റ്റർ ശാന്തി, ശക്തിദാതാ കുട്ടികളുടെ കർത്തവ്യം.

## സ്ലോഗൻ:- ശബ്ദത്തിലേക്ക് വരുന്നത് സഹജമാണെന്ന് അനുഭവപ്പെടുന്നത് പോലെ ശബ്ദത്തിന്നുപരി പോകുന്നതും സഹജമായിരിക്കണം.

**അവ്യക്ത സൂചനകൾ- ഇപ്പോൾ ഉത്സാഹത്തിന്റെ അഗ്നി പ്രജ്വലിതമാക്കി യോഗത്തെ ജ്വാലാരൂപമാക്കൂ.** യോഗത്തിൽ സദാ ലൈറ്റ് ഹൗസിന്റെയും മൈറ്റ് ഹൗസിന്റെയും സ്ഥിതിയുടെ അനുഭവം ചെയ്യൂ. ജ്ഞാനം ലൈറ്റും യോഗം ശക്തി(മൈറ്റ്)യുമാണ്. ജ്ഞാനവും യോഗവും- രണ്ട് ശക്തികളും ലൈറ്റും മൈറ്റും സമ്പന്നമായിരിക്കണം- ഇവരെ പറയാം മാസ്റ്റർ സർവ്വശക്തിമാൻ. അങ്ങനെയുള്ള ശക്തിശാലി ആത്മാക്കൾ എങ്ങനെയുള്ള പരിതസ്ഥിതികളെയും നിമിഷനേരം കൊണ്ട് മറി കടക്കും.